Starred Questions posted for Answer on 8—3—51

കരിഞ്ചന്ത കേസുകൾ

*൧൨൪൬. (൧൨) ശ്രീ. കെ. കെ. കണ്ണൻ: താഴെപറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ.—

(എ) ൧൯൪൬ ജനുവരി മുതൽ നാളിതുവരെ നെല്ല്, അരി മുതലായവ കരിഞ്ചന്തയിൽ നടത്തിയ എത്ര കേസുകൾ ഉണ്ടായിട്ടുണ്ട്;

(ബി) അവയിൽ കുറക്കാരെ ശിക്ഷിച്ചിട്ടുള്ള കേസുകൾ എത്ര;

(സി) തള്ളിപ്പോയ കേസുകൾ എത്ര;

(ഡി) നിലവിലുള്ള കേസുകൾ എത്ര?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പു മന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ൨൩൫൯.

(ബി) ൫൪.

(സി) ഇല്ലാ.

(ഡി) ൧൭൩൫.

ഭക്ഷ്യ സംവർദ്ധനപദ്ധതി

*൧൨൫൫. (൨൪) ശ്രീ. കെ. കുഞ്ഞിരാമമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) ഗ്രോമോർ ഫുഡ്സ്കീമിന്റെ കീഴിൽ എത്ര കൂടുതൽ നെല്ല് ൧൯൫൦-ൽ ഉൽപാദിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്;

(ബി) ഏതു താലൂക്കിൽ;

(സി) അതിനു എന്തു ചിലവുണ്ടായി?

വിദ്യാഭ്യാസവും, ഭക്ഷ്യവും തൊഴിലും വകുപ്പു മന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ൨൯, ൫൨൯ ടൺ അരി.

(ബി) വിവിധ താലൂക്കുകളിൽ

(സി) അതിനുമാത്രം എന്തു ചിലവായി എന്നു കണക്കില്ല. ഭക്ഷ്യോൽപാദനത്തിനു ൧൯൫൦ അവസാനം വരെ ൯൩,൦൨,൨൭൫ രൂപാ ൨ണ. ൧൨ സ. ചെലവായിട്ടുണ്ട്.

JUDGES OF THE HIGH COURT.

*1245. [50] **Sri. P. K. Krishnankutty Menon:** Will the Hon'ble Chief Minister be pleased to state.—

(*a*) the number of Judges working in the High Court from the date of its inauguration and the strength of the High Court contemplated under the High Courts Act;

(*b*) the reasons for the delay in appointing the remaining Judges to the High Court;

(*c*) whether the number of cases in the High Court has enormously increased and if so the measures the Government intends to take to cope with the work?

Chief Minister **Sri. C. Kesavan:** (*a*) The number of Judges working in the High Court from the date of its inauguration :

From	7th July	1949	8 Judges.
,,	20th January	1950	4 ,,

LIBRARY ARCHIVES Kerala Legislative Assembly